# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 4171 – 13/12/2018 -ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പ സഹായ പദ്ധതി

ചോദ്യം | ഉത്തരം

ശ്രീ.എം. വിൻസെന്റ് | ഡോ. ടി. എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കുവാൻ പ്രഖ്യാപിച്ച പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്; | വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16.05.2017 തിയതിയിലെ സ.ഉ.(പി) നം.65/2017/ധന, 12.07.2017 തീയതിയിലെ സ.ഉ.(പി) നം.89/2017/ധന, 30.10.2017 തീയതിയിലെ സ.ഉ.(പി) നം.135/2017/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 02.08.2017 - തീയതിയിലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20.11.2017 തീയതിയിലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി | പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; | 16.05.2017 ലെ സ.ഉ(പി) നം.65/2017/ധനം ഉത്തരവ് പ്രകാരം നിലവിൽ വന്ന വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ 12.07.2017 ലെ സ.ഉ(പി) നം.89/2017/ധനം, 30.10.2017 ലെ സ.ഉ(പി) നം.135/2017/ധനം എന്നി ഉത്തരവുകൾ പ്രകാരം ഭേദഗതികൾ വരുത്തുകയും 07.06.2018 തീയതിയിലെ സ.ഉ.(പി) നം.85/2018/ധനം ഉത്തരവ് പ്രകാരം ചില മാനദണ്ഡങ്ങൾക്കുള്ള വിശദീകരണം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |

| | | |
|---|---|---|
| സി | ഈ പദ്ധതി മൂലം എത്ര വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിച്ചുവെന്നും എത്ര കോടി രൂപ സർക്കാരിന് ഇതുമൂലം ബാധ്യതയുണ്ടായിയെന്നും വെളിപ്പെടുത്തുമോ; | വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശുപാർശ ചെയ്ത 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. |
| ഡി | ഈ ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടംബ വാർഷിക വരുമാന പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ? | ശ്രദ്ധയിൽപെട്ടിട്ടില്ല. വിദ്യാഭ്യാസ വായ്പ് തിരിച്ചടവ് സഹായ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള കുടുംബ വാർഷിക വരുമാന പരിധി വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ